**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5048** **20-03-2025 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ജില്ലയിലെ ഇ.എസ്.ഐ ഡിസ്പെൻസറികളിലെയും ആശുപത്രിയിലേയും ട്രാൻസ്ഫർ**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം** | | **ശ്രീ വി ശിവൻകുട്ടി**<br>**(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | കോഴിക്കോട് ജില്ലയിലെ ഇ.എസ്.ഐ. ഡിസ്പെൻസറികളിലും ഫറൂഖ് ഇ.എസ്.ഐ ആശുപത്രിയിലും ട്രാൻസ്ഫർ ആവാതെ തുടർച്ചയായി ആറിൽ കൂടുതൽ വർഷം ജോലി ചെയ്യുന്ന എത്ര നഴ്സിംഗ് ഓഫീസർമാർ ഉണ്ട്; ഡിസ്പെൻസറികൾ/ ആശുപത്രി തിരിച്ച് പേര് വ്യക്തമാക്കാമോ; | (എ) | 4 നഴ്സിംഗ് ഓഫീസർമാർ ഉണ്ട്.<br><u>ഫറോക്ക് ഇ.എസ്.ഐ ആശുപത്രി - 3</u><br>1. ശ്രീമതി സബിതമോൾ.സി.എം<br>2. ശ്രീമതി ബിന്ദു അഗസ്റ്റിൻ<br>3. ശ്രീമതി ട്രീസ ജോസഫ്<br><br><u>ചെറുവണ്ണൂർ നം.2 ഇ.എസ്.ഐ ഡിസ്പെൻസറി - 1</u><br>1. ശ്രീമതി സന്ധ്യ. ജി |
| (ബി) | ഓൺലൈൻ ട്രാൻസ്ഫറിലെ അപാകതകൾ കൊണ്ട് കോഴിക്കോട് ജില്ലയിലെ ഫറൂക്ക് ഇ.എസ്.ഐ ആശുപത്രിയിൽ ജോലി ചെയ്യുന്ന നഴ്സിംഗ് ഓഫീസർമാർക്ക് ചാലപ്പുറം, കുന്നത്ത്പാലം, ചെറുവണ്ണൂർ, ഫറോക്ക്, ചുങ്കം, എന്നിവിടങ്ങളിലേക്ക് ട്രാൻസ്ഫറിന് അപേക്ഷിക്കാൻ കഴിയാതെ വന്നിരിക്കുന്നതിനാൽ ഈ അപാകതകൾ പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | 25.02.2017 ലെ സ.ഉ(പി)നം.3/2017/ഉ.ഭ.പ.വ അനുസരിച്ചുള്ള പൊതുസ്ഥലമാറ്റത്തിന്റെ മാനദണ്ഡങ്ങൾ പ്രകാരം 15 കി.മി ചുറ്റളവിൽ കൂടുതലുള്ള സ്ഥാപനങ്ങളിലേക്ക് മാത്രമേ എല്ലാ തസ്തികയിലെ ജീവനക്കാർക്കും സ്ഥലംമാറ്റത്തിന് അപേക്ഷിക്കാൻ സാധിക്കുകയുള്ളൂ. |
| (സി) | കോഴിക്കോട് ജില്ലയിലെ ഇ.എസ്.ഐ. ഡിസ്പെൻസറികളിലെ ഡോക്ടർമാരുടെ ട്രാൻസ്ഫർ ഓൺലൈൻ സമ്പ്രദായത്തിൽ ആണോ നടപ്പിലാക്കിയത്; അല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (സി) | വകുപ്പിൽ സ്പെഷ്യാലിറ്റി കേഡർ നിലവിൽ ഇല്ലാത്തതിനാൽ അലോപ്പതി മെഡിക്കൽ ഓഫീസർമാരുടെ ട്രാൻസ്ഫർ ഓൺലൈൻ മുഖേനയല്ല നടപ്പിലാക്കിയത്. |
| (ഡി) | കോഴിക്കോട് ജില്ലയിൽ എത്ര ഇ.എസ്.ഐ ഡിസ്പൻസറികളും ആശുപത്രികളും ഉണ്ടെന്ന് വ്യക്തമാക്കാമോ; എല്ലാ സ്ഥലങ്ങളിലും നഴ്സിംഗ് ഓഫീസർമാരുടെ സേവനം ലഭ്യമാണോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഡി) | കോഴിക്കോട് ജില്ലയിൽ 1 ഇ.എസ്.ഐ ആശുപത്രിയും, 12 ഇ.എസ്.ഐ ഡിസ്പെൻസറികളും നിലവിലുണ്ട്. പുതിയറ, മാവൂർ എന്നീ 2 ഇ.എസ്.ഐ ഡിസ്പെൻസറികൾ ഒഴിച്ച് ബാക്കി എല്ലാ സ്ഥലങ്ങളിലും നഴ്സിംഗ് ഓഫീസർമാരുടെ സേവനം ലഭ്യമാണ്. പുതിയറ, മാവൂർ ഇ.എസ്.ഐ ഡിസ്പെൻസറികളിൽ നഴ്സിംഗ് ഓഫിസർമാരുടെ തസ്തികകൾ ഇല്ല. പകരം ആക്സിലറി നഴ്സ് മിഡ് വൈഫ് ജീവനക്കാർ സേവനം അനുഷ്ഠിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ